# എൽ.ബി. എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

# ഫോർ വുമൺ പൂജപ്പുര

P/1200/LBSITW/2022 19/08/2022

## പുനർ ക്വട്ടേഷൻ / ലേല പരസ്യം

എൽ.ബി.എസ്. സെൻറ്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി തിരുവനന്തപുരത്തിന് കീഴിൽ പ്രവർത്തിക്കുന്ന എൽ.ബി.സ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ പൂജപ്പുര കോമ്പൗണ്ടിലെ സെൻറ്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിന്റെ മുൻവശത്തായി വീണുകിടക്കുന്ന മാവ് മരം 05/09/22 രാവിലെ 11 മണിക്ക് പ്രസ്തുത ഓഫീസിനു മുൻവശത്തു പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സ്വീകരിച്ചും വില്കുന്നതാണ്.

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം 05/09/22 രാവിലെ 10.30 മണിക്ക് മുമ്പായി 2000/- രൂപ (രണ്ടായിരം രൂപ മാത്രം) നിരതദ്രവ്യം ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേല ദിവസം രാവിലെ 10.30 മണിക്ക് മുമ്പായി ക്വട്ടേഷനുകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
2. ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനുശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം / ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം / ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ചു മരം കൊണ്ടുപോകാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.
3. ലേലം / ക്വട്ടേഷൻ പിടിച്ച വ്യക്തി തുകയുടെ 25% സെക്യൂരിറ്റി സംഖ്യയായി അന്നേ ദിവസം ഈ ഓഫീസിൽ അടക്കേണ്ടതാണ്. ടി തുക മരം മുറിച്ചു നീക്കം ചെയ്തതിനുശേഷം പലിശ രഹിതമായി ബാധ്യതകളൊന്നുമില്ലെങ്കിൽ തിരിച്ചു നൽകുന്നതാണ്.
4. ലേലത്തിൽ പിടിച്ച മരം കൊണ്ടുപോകാനുള്ള അനുവാദം ലഭിച്ചു 10 ദിവസത്തിനകം കോമ്പൗണ്ടിലെ വസ്തുവകകൾക്കു കേടുപാടുകൾ കൂടാതെ മരം കൊണ്ടുപോകേണ്ടതാണ്. അല്ലാത്ത പക്ഷം കോളേജിനും വസ്തുവകകൾക്ക് വരുന്ന നഷ്ടത്തിന് നിയമ വിധേയമായ നടപടികളും പിഴയും ഈടാക്കുന്നതായിരിക്കും.

5. ലേല സംഖ്യയ്ക്ക് പുറമെ ലേല സംഖ്യയുടെ 18% ചരക്ക് സേവന നികുതിയും (ജി. എസ്. ടി), ലേല സംഖ്യയുടെ 5% വനവികസന നികുതിയും 2.5% ആദായ നികുതിയും ലേലം / ക്വട്ടേഷൻ പിടിച്ച ആൾ അടക്കേണ്ടതാണ്.
6. ലേലം ഉറപ്പിക്കുവാനോ മാറ്റിവെക്കുവാനോ റദ്ദുചെയ്യുന്നതിനോ ഉള്ള എല്ലാ അധികാരങ്ങളും ഈ കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം / ക്വട്ടേഷൻ സംബന്ധമായ എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.
7. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരം എല്ലാ പ്രവർത്തി ദിവസങ്ങളിലും സ്ഥാപനത്തിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതുമാണ്.

22/8/24

പ്രിൻസിപ്പൽ

പകർപ്പ് :-

1. അസി. കൺസർവേറ്റർ ഓഫ് ഫോറെസ്റ്റ് വട്ടിയൂർകാവ്
2. ഓഫീസ് നോട്ടീസ് ബോർഡ്
3. തിരുവനന്തപുരം കോർപറേഷൻ ഓഫീസ്
4. തൈക്കാട് വില്ലേജ് ഓഫീസ്
5. എൽ.ബി.എസ്. ഐ. ടി. ഡബ്ല്യൂ വെബ്സൈറ്റ്
6. എൽ.ബി.എസ്. സെൻറ്റർ വെബ്സൈറ്റ്

LBS INSTITUTE OF TECHNOLOGY FOR WOMEN * THIRUVANANTHAPURAM-695012 *